# ചങ്ങാതിക്കൂട്ടം ചാരിറ്റബിൾ ട്രസ്റ്റ്

## ട്രസ്റ്റ് ഡീഡ്

भारतीय गैर न्यायिक INDIA NON JUDICIAL

भारत

एक हजार रुपये

ONE THOUSAND RUPEES

रु.1000

Rs.1000

सत्यमेव जयते

INDIA

കേരളം केरल KERALA

S 029775

# ട്രസ്റ്റ് ഡീഡ്

**Authors of Trust**

1. രേഖ. പി. ബി



2. സുരേഷ്ബാബു ശങ്കരൻ നായർ



കൊല്ലം 1194 ഇടവമാസം 24-ാം തിയ്യതി 2019 ജൂൺ മാസം 7-ാം തിയ്യതി (രണ്ടായിരത്തി പത്തൊമ്പത് ജൂൺ മാസം ഏഴാം തിയ്യതി)

1. രേഖ. പി. ബി
2. സുരേഷ്ബാബു ശങ്കരൻ നായർ
3. അലി അഹമ്മദ് അക്ബർ
4. രാമചന്ദ്രൻ. വി

13 1 MAY 2019

SL.NO. 2832 Rs. 1000 Date 6/6/19

SOLD TO രേഖ. പി. ബി.

P.M. ABDUL JALEEL
TEMPORARY VENDOR
OTTAPALAM

3.അലി അഹമ്മദ് അക്ബർ



4.രാമചന്ദ്രൻ. വി



1. പാലക്കാട് ജില്ല ഒറ്റപ്പാലം താലൂക്ക് നെല്ലായ വില്ലേജിൽ എഴുവന്തല പോസ്റ്റ് (പിൻ: 679335) ആത്രശ്ശേരി മനയിൽ എ. എസ് മുരളീധരൻ നമ്പൂതിരി ഭാര്യ 49 വയസ്സ് ലൈബ്രേറിയൻ (ആധാർ നമ്പർ: 2377 7605 7722) രേഖ. പി. ബി.

2. ബി 904 പവൻ ബിൽഡിംഗ് മോഹൻ ശ്രുഷ്ടി കല്ല്യാൺ- 421306 ൽ താമസം ശങ്കരൻ നായർ മകൻ 49 വയസ്സ് ബിസിനസ്സ് (ആധാർ നമ്പർ: 3454 4968 2873) സുരേഷ്ബാബു ശങ്കരൻ നായർ.

3. പാലക്കാട് ജില്ല ഒറ്റപ്പാലം താലൂക്ക് ചളവറ വില്ലേജിൽ ചളവറ പോസ്റ്റ് (പിൻ: 679505) കളത്തും പടിക്കൽ കുഞ്ഞിമൊയ്തീൻ മകൻ 48 വയസ്സ് അദ്ധ്യാപകൻ (ആധാർ നമ്പർ: 7897 6762 4913) അലി അഹമ്മദ് അക്ബർ.

4. മലപ്പുറം ജില്ല തിരൂർ താലൂക്ക് ഇരിമ്പിളിയം വില്ലേജിൽ വലിയകുന്ന് പോസ്റ്റ് (പിൻ: 676552) തൂമ്പായിൽ പത്മനാഭൻ മകൻ 49 വയസ്സ് സ്വർണ്ണപണി (ആധാർ നമ്പർ: 2026 9802 5706) രാമചന്ദ്രൻ. വി.

1. മേൽ പേരെഴുതിയ Authors of Trust ചേർന്ന് സമൂഹത്തിൽ പിന്നോക്കം നിൽക്കുന്നവരുടേയും പ്രത്യേകിച്ച് ചളവറ ഹൈസ്കൂൾ 1985-86 ബാച്ചിൽ പഠിച്ചവരുടെ ജീവിതോന്നമനത്തിന്നും സാമ്പത്തിക അഭിവൃദ്ധിക്കും വേണ്ടി സഹായങ്ങൾ ചെയ്യുന്നതിന് ജാതി, മത, ഭാഷാ, വർഗ്ഗ, രാഷ്ട്രീയ വ്യത്യാസമില്ലാതെ മുഴുവൻ പൊതുജനങ്ങൾക്കും നന്മ ചെയ്യുന്നതിനായി ചങ്ങാതിക്കൂട്ടം (Changathikkoottam) എന്ന പേരിൽ ഒരു ട്രസ്റ്റ് രൂപീകരിക്കുന്നതിനായി തീരുമാനിക്കുകയും ആയതിന് താഴെ പറയുന്ന ലക്ഷ്യങ്ങൾ ഉൾക്കൊള്ളിച്ച് ഒരു ട്രസ്റ്റ് ഡീഡ് എഴുതുവാൻ തീരുമാനിക്കുകയും ചെയ്തിരിക്കുന്നു. ആയതിലേക്കായി Authors of trust ചേർന്ന് 10000/- രൂപ മേപ്പടി ട്രസ്റ്റിന്റെ മൂലധനമായി അംഗീകരിക്കുകയും അത് പണമായി സൂക്ഷിക്കുകയും ചെയ്തിരിക്കുന്നു.

1. രേഖ. പി. ബി

3.അലി അഹമ്മദ് അക്ബർ

2. സുരേഷ്ബാബു ശങ്കരൻ നായർ

4.രാമചന്ദ്രൻ. വി

79 / IV / 2019

20.19 ആണ്ട് ..................... മാസം 7 തിയ്യതി പകൽ 3.30 മണിക്ക്
ഒറ്റപ്പാലം സബ് രജിസ്ട്രാർ ഓഫീസിൽ 32 എ വകുപ്പനുസരിച്ച് ഫീസ് വാങ്ങിയ
ആളുടെയും/ആളുകളുടെയും ഫോട്ടോയും ഹാജരാക്കിയ
ആളുടെയും ... വിരൽപതിപ്പും പതിച്ച് 240 രൂപ,
ഇ-പേയ്മെന്റ് ... ഹാജരാക്കുകയും ചെയ്ത

ആധാരം എഴുതികൊടുത്തതിനെ സമ്മതിച്ചു.

വി. സേതുമാധവൻ
സബ് രജിസ്ട്രാർ

2019 ൽ IV നമ്പ്ര 79 നമ്പ്ര
15 ഏടാൽ 1 ഏടാൽ

സബ് രജിസ്ട്രാർ

## ട്രസ്റ്റിന്റെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തനങ്ങളും

1) ട്രസ്റ്റി ബോർഡ് :

ട്രസ്റ്റി ബോർഡ് എന്നത് മേൽ പേർ പറഞ്ഞ ഫൗണ്ടർ ട്രസ്റ്റീസും കൂടാതെ ട്രസ്റ്റ് സമയാസമയങ്ങളിൽ ട്രസ്റ്റീ ബോർഡ് അംഗങ്ങളായി നിയമിക്കുന്ന വരും ഉൾപ്പെടുന്നു. ട്രസ്റ്റീസിന്റെ അംഗസംഖ്യ ഏറ്റവും കുറഞ്ഞത് 7 പേരും പരമാവധി 15 പേരുമായിരിക്കും.

2. ട്രസ്റ്റിന്റെ രൂപീകരണം

ട്രസ്റ്റിന്റെ ആസ്ഥാനമായി മലപ്പുറം ജില്ലയിലെ കോട്ടപ്പുറം വലിയകുന്ന് തൂമ്പായിൽ ഹൗസ് എന്ന വിലാസത്തിലായിരിക്കും ആസ്ഥാന ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുക. ട്രസ്റ്റിന് ചങ്ങാതിക്കൂട്ടം ചാരിറ്റബിൾ ട്രസ്റ്റ്, തൂമ്പായിൽ ഹൗസ്, കോട്ടപ്പുറം, വലിയകുന്ന് പി.ഒ., വളാഞ്ചേരി, മലപ്പുറം ജില്ല, കേരള, പിൻ: 676 552 എന്ന മേൽവിലാസമുള്ളതുമായിരിക്കും. ട്രസ്റ്റിന്റെ മൂലധനമായി ഫൗണ്ടർ ട്രസ്റ്റീസ് പണമായി നീക്കവെച്ച 10,000/- (പതിനായിരം രൂപ മാത്രം) ട്രസ്റ്റിന്റെ പേരിൽ നീക്കിയിരിപ്പുള്ളതും ആയത് കാലാകാലങ്ങളിൽ ട്രസ്റ്റി ബോർഡ് തീരുമാനിച്ചതനുസരിച്ച് വർദ്ധനവ് വരുത്തുന്നതും ആയിരിക്കും. എങ്കിലും അടിസ്ഥാന മൂലധനത്തിൽ കുറവ് വരുത്താൻ അനുവദിക്കുന്നതല്ല.

3. ട്രസ്റ്റി ബോർഡ് അംഗങ്ങൾ

താഴെ പറയുന്ന വ്യക്തികളെ ട്രസ്റ്റിന്റെ ട്രസ്റ്റി ബോർഡ് അംഗങ്ങളായി Author of trust ഇതിനാൽ നിയമിച്ചിരിക്കുന്നു.

1. പാലക്കാട് ജില്ല ഒറ്റപ്പാലം താലൂക്ക് നെല്ലായ വില്ലേജിൽ എഴുവന്തല പോസ്റ്റ് (പിൻ: 679335) ആത്രശ്ശേരി മനയിൽ എ. എസ് മുരളീധരൻ നമ്പൂതിരി ഭാര്യ 49 വയസ്സ് ലൈബ്രേറിയൻ (ആധാർ നമ്പർ: 2377 7605 7722) രേഖ. പി. ബി.

2. ബി 904 പവൻ ബിൽഡിംഗ് മോഹൻ ശ്യഷ്ടി കല്ല്യാൺ - 421306 ൽ താമസം ശങ്കരൻ നായർ മകൻ 49 വയസ്സ് ബിസിനസ്സ് (ആധാർ നമ്പർ: 3454 4968 2873) സുരേഷ്ബാബു ശങ്കരൻ നായർ.

3. പാലക്കാട് ജില്ല ഒറ്റപ്പാലം താലൂക്ക് ചളവറ വില്ലേജിൽ ചളവറ പോസ്റ്റ് (പിൻ: 679505) കളത്തും പടിക്കൽ കുഞ്ഞിമൊയ്തീൻ മകൻ 48 വയസ്സ് അദ്ധ്യാപകൻ (ആധാർ നമ്പർ: 7897 6762 4913)അലി അഹമ്മദ് അക്ബർ.

4. മലപ്പുറം ജില്ല തിരൂർ താലൂക്ക് ഇരിമ്പിളിയം വില്ലേജിൽ വലിയകുന്ന് പോസ്റ്റ് (പിൻ: 676552) തൂമ്പായിൽ പത്മനാഭൻ മകൻ 49 വയസ്സ് സ്വർണ്ണപണി (ആധാർ നമ്പർ: 2026 9802 5706)രാമചന്ദ്രൻ. വി.

1. രേഖ. പി. ബി

2. സുരേഷ്ബാബു ശങ്കരൻ നായർ

3.അലി അഹമ്മദ് അക്ബർ

4.രാമചന്ദ്രൻ. വി

5. പാലക്കാട് ജില്ല ഒറ്റപ്പാലം താലൂക്ക് ചളവറ വില്ലേജിൽ ചളവറ പോസ്റ്റ് (പിൻ: 679505) അംബികാസദനത്തിൽ പത്മനാഭൻ നായർ മകൻ 49 വയസ്സ് വിദേശത്ത് ജോലി (പാൻ കാർഡ് നമ്പർ: CDMPS6806D) ശിവാനന്ദകുമാർ എസ്.

6. പാലക്കാട് ജില്ല ഒറ്റപ്പാലം താലൂക്ക് ചളവറ വില്ലേജിൽ ചളവറ പോസ്റ്റ് (പിൻ: 679505) ശ്യാംനിവാസിൽ ശങ്കുണ്ണി നായർ മകൻ വിദേശത്ത് ജോലി രാധാകൃഷ്ണൻ.യു.വി.

7. പാലക്കാട് ജില്ല ഒറ്റപ്പാലം താലൂക്ക് ചളവറ വില്ലേജിൽ പുലിയാനംകുന്ന് പോസ്റ്റ് ലക്ഷ്മി നിവാസിൽ താമസം സി. പി. കൃഷ്ണൻകുട്ടി നായർ മകൻ 49 വയസ്സ് വിദേശത്ത് ജോലി (പാസ്പോർട്ട് നമ്പർ: H932114) ശശിധരൻ.

8. പാലക്കാട് ജില്ല ഒറ്റപ്പാലം താലൂക്ക് കയിലിയാട് പോസ്റ്റ് വിഷ്ണു നിവാസിൽ താമസം പ്രഭാകരമേനോൻ മകൾ സ്വസ്ഥം ഗംഗാദേവി.

9. പാലക്കാട് ജില്ല ഒറ്റപ്പാലം താലൂക്ക് ഷൊർണ്ണൂർ വില്ലേജിൽ കവളപ്പാറ പോസ്റ്റ് (പിൻ: 679523) കിഴക്കീട്ടിൽ കൃഷ്ണകൃപയിൽ സേതുമാധവൻ നായർ മകൾ ബിസിനസ്സ് ലത കൃഷ്ണകുമാർ.

10. പാലക്കാട് ജില്ല പട്ടാമ്പി താലൂക്ക് ഓങ്ങല്ലൂർ വില്ലേജിൽ കള്ളാടിപറ്റ പോസ്റ്റ് ശ്രേയസ്സ് വീട്ടിൽ ശങ്കുണ്ണി നായർ മകൾ സ്വസ്ഥം ശ്രീദേവി.

11. മഹാരാഷ്ട്ര വെസ്റ്റ് മുംബൈ ജാമിൽ നഗർ ബാൻഡുപ്പ് മുൻസിപ്പൽ നിയർ ശിവനേരി കോമ്പൗണ്ട് ലാൽജി ചൗധരി ചാവൽ നമ്പർ 1 റൂം നമ്പർ 6 ൽ താമസം വാസു വീട്ടിക്കുന്നത്ത് മകൻ ബാബു വീട്ടിക്കുന്നത്ത്.

12. ബാംഗ്ലൂർ നോർത്ത് മറാത്ത് ഹള്ളി കോളനി വിഘ്നൻ നഗർ നിയർ ഷെൽ പെട്രോൾ പമ്പ് ബ്രിന്ദാവൻ എസ്റ്റേറ്റ് 36 കല്യാണി സെക്കന്റ് മെയിനിൽ താമസം പ്രഭാകരൻ നായർ പഴേടത്ത് മകൻ പ്രദീപ് കുമാർ പുല്ലത്തിൽ.

എന്നിവരെ ട്രസ്റ്റ് ബോർഡ് അംഗങ്ങളായി നിലവിലുള്ള ട്രസ്റ്റ് ബോർഡ് അംഗങ്ങളുടെ ഭൂരിപക്ഷത്തിന്റെ അഭിപ്രായത്തിൽ മറ്റ് അംഗങ്ങളെ നിയമിക്കാവുന്നതാണ്. ഫൗണ്ടർ ട്രസ്റ്റിമാരിൽ ഏതെങ്കിലും അംഗം രാജിവെക്കുകയോ മരണപ്പെടുകയോ, അയോഗ്യനാവുകയോ ചെയ്യുന്ന പക്ഷം ഫൗണ്ടർ ട്രസ്റ്റിമാരുടെ അധികാരങ്ങളിലേക്കും അവകാശങ്ങളിലും മറ്റ് നിലവിലുള്ള അംഗത്തെ നിയമിക്കാവുന്നതാണ്. ആയതു സംബന്ധിച്ച് നിലവിലുള്ള ഫൗണ്ടർ ട്രസ്റ്റിമാരുടെ ഭൂരിപക്ഷ തീരുമാനത്തിന് വിധേയരായിരിക്കും.

1. രേഖ. പി. ബി

2. സുരേഷ്ബാബു ശങ്കരൻ നായർ

3.അലി അഹമ്മദ് അക്ബർ

4.രാമചന്ദ്രൻ. വി

4. ട്രസ്റ്റിന്റെ ലക്ഷ്യങ്ങൾ :

എ. സമൂഹത്തിലെ എല്ലാതരത്തിലും ആളുകൾക്കും ജാതിമതവർഗ്ഗ, ഭാഷാ രാഷ്ട്രീയ പരിഗണന കൂടാതെ സാമൂഹിക സാമ്പത്തിക പുരോഗതിക്കു വേണ്ടി പ്രവർത്തിക്കുക.

ബി. സമൂഹത്തിൽ ദുരിതമനുഭവിക്കുന്ന എല്ലാതരം വിഭാഗങ്ങളിൽപെട്ട ആളുകൾക്കും അവരുടെ കുടുംബത്തിലെ കുട്ടികളുടെ വിദ്യാഭ്യാസം തുടർന്നു കൊണ്ടുപോകുന്നതിന് സാമ്പത്തികമോ അല്ലാതെയോ ഉള്ള സഹായങ്ങൾ ചെയ്യുക.

സി. സമൂഹത്തിലെ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന എല്ലാതരത്തിലുള്ള ആളുകൾക്കും ജാതിമത വർഗ്ഗ ഭാഷാ രാഷ്ട്രീയ പരിഗണന കൂടാതെ ആവശ്യമായ വൈദ്യസഹായങ്ങൾ ലഭ്യമാക്കുക.

ഡി. സമൂഹത്തിലെ സാമ്പത്തിക കഷ്ടതകൾ അനുഭവിക്കുന്ന എല്ലാതരത്തിലുള്ള ആളുകൾക്കും അവരുടെ കുടുംബങ്ങളിലെ കല്യാണം, മരണം തുടങ്ങിയ ജീവിതത്തിലെ പ്രധാന സന്ദർഭങ്ങളിൽ സാമ്പത്തികമോ അല്ലാതെയോ ഉള്ള സഹായങ്ങൾ ചെയ്യുക.

5. ട്രസ്റ്റിന്റെ ഗുണഭോക്താക്കൾ

മതം, ജാതി, വർഗ്ഗം താമസം എന്നിവ സംബന്ധിച്ച് യാതൊരു വിവേചനവുമില്ലാതെ എല്ലാ വിഭാഗം ജനങ്ങളും, ട്രസ്റ്റിന്റെ ഗുണഭോക്താക്കളാണ്. എങ്കിലും ചളവറ ഹൈസ്കൂളിൽ 1985-86 എസ്.എസ്.എൽ.സി. ബാച്ചിൽ പഠിച്ചിരുന്നവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും മുൻഗണന നൽകേണ്ടതാണ്.

6. ട്രസ്റ്റിന്റെ സ്വത്തുക്കൾ

ട്രസ്റ്റിന്റെ അടിസ്ഥാന മൂലധനമായ 10,000/- രൂപയായിരിക്കും ട്രസ്റ്റിന്റെ അടിസ്ഥാന മൂലധനം. ആയത് സമയാസമയങ്ങളിൽ വർദ്ധിപ്പിക്കുന്നതിനും മറ്റും വസ്തുക്കൾ ദാനമായും തീരായും വാങ്ങുന്നതിനും ആയത് കൈകാര്യം ചെയ്യുന്നതിനും ട്രസ്റ്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.ട്രസ്റ്റിന്റെ ഇളകുന്നതും ഇളകാത്തതുമായ എല്ലാ മുതലുകളും ട്രസ്റ്റിന്റെ പേരിൽ വാങ്ങേണ്ടതും ട്രസ്റ്റിന്റെ ചെയർമാൻ ആയതിന്റെ സൂക്ഷിപ്പുകാരൻ ആയിരിക്കേണ്ടതുമാണ്. രേഖകളിൽ ട്രസ്റ്റ് ബോർഡ് ചെയർമാൻ ട്രസ്റ്റിനെ പ്രതിനിധീകരിക്കേണ്ടതാണ്.

1. രേഖ. പി. ബി

2. സുരേഷ്ബാബു ശങ്കരൻ നായർ

3.അലി അഹമ്മദ് അക്ബർ

4.രാമചന്ദ്രൻ. വി

ട്രസ്റ്റിലേക്ക് കൈമാറ്റം നിലക്കും ദാനം നിലക്കും ഇന്ത്യയിൽ നിന്നും പുറത്തുനിന്നും സംഭാവനകൾ നിലക്കും സർക്കാരിൽ നിന്നും ഗ്രാന്റായും തീരായും മറ്റുള്ള നിലക്കും ഇളകുന്നതും ഇളകാത്തതുമായ സ്വത്തുക്കൾ കരസ്ഥമാക്കാവുന്നതാണ്. ഇപ്രകാരം ട്രസ്റ്റിന്റെ എല്ലാ സ്വത്തുക്കളെക്കുറിച്ചും വ്യക്തമായ കണക്കുകൾ സൂക്ഷിക്കേണ്ടതും ആയത് കാലാകാലങ്ങളിൽ ഓഡിറ്റ് ചെയ്യേണ്ടതുമാണ്. ട്രസ്റ്റിലേക്കുള്ള എല്ലാ സംഭാവനകളും ട്രസ്റ്റിന്റെ എല്ലാ വസ്തു കൈമാറ്റവും ഇന്ത്യൻ ഇൻകം ടാക്സ് ആക്റ്റിനും മറ്റു നിലവിലുള്ള നിയമങ്ങൾക്കും വിധേയമായിരിക്കും.

7. ട്രസ്റ്റിന്റെ വസ്തു കൈമാറ്റം

ട്രസ്റ്റിന്റെ കൈവശമുള്ള എല്ലാ ഇളകാത്ത സ്വത്തുക്കളും നിലവിലുള്ള ട്രസ്റ്റി ബോർഡിൽ അജണ്ടയായി വെച്ച് എല്ലാ അംഗങ്ങൾക്കും നോട്ടീസ് നൽകി പ്രത്യേകം യോഗം വിളിച്ച് യോഗത്തിൽ പങ്കെടുത്തവരിൽ നിന്നും 2/3 ഭൂരിപക്ഷത്തിൽ മാത്രമേ കൈമാറ്റം ചെയ്യാൻ പാടുകയുള്ളൂ.

ആയതിന് ആവശ്യമായി വരുന്ന പക്ഷം ബന്ധപ്പെട്ട സർക്കാർ സ്ഥാപനങ്ങളിൽ നിന്നും മറ്റു നിയമപരമായ സ്ഥാപനങ്ങളിൽ നിന്നും മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.

8. ട്രസ്റ്റി ബോർഡ് അംഗമാവാനുള്ള യോഗ്യത:

എല്ലാ ട്രസ്റ്റി ബോർഡ് അംഗങ്ങളും ഇന്ത്യൻ പൗരന്മാരായിരിക്കണം. അവർ സാമൂഹിക വിരുദ്ധ-ദേശ വിരുദ്ധ പ്രവർത്തനങ്ങളിലേർപ്പെടുന്നവരായിരിക്കാൻ പാടുള്ളതല്ല. ഒരു ട്രസ്റ്റി ബോർഡ് അംഗത്തിന് മുൻകൂർ നോട്ടീസ് നൽകി ട്രസ്റ്റി ബോർഡിൽ നിന്നും രാജിവെക്കാവുന്നതാണ്. ഒരു ട്രസ്റ്റി ബോർഡ് അംഗം ട്രസ്റ്റിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം ആയത് സംബന്ധിച്ച് അയാൾക്ക് മുൻകൂർ നോട്ടീസ് നൽകി ട്രസ്റ്റി ബോർഡ് യോഗത്തിൽ ഹാജരായ അംഗങ്ങളുടെ 2/3 ഭൂരിപക്ഷത്തിന് ആ അംഗത്തെ ട്രസ്റ്റി ബോർഡിൽ നിന്നും നീക്കാവുന്നതാണ്. ഇപ്രകാരം രാജി വെക്കുന്നതോ നീക്കം ചെയ്യുന്നതോ ആയ അംഗത്തിന് പിന്നീട് ട്രസ്റ്റി ബോർഡിൽ അംഗമാവാൻ കഴിയുന്നതല്ല. നിലവിലുള്ള ഒരംഗം മരണപ്പെടുന്ന പക്ഷം അദ്ദേഹത്തിന്റെ പിന്തുടർച്ചക്കാരിൽ നിന്നും ഒരംഗത്തെ ട്രസ്റ്റി ബോർഡിലേക്ക് ആവശ്യമാണെന്ന് വരുന്ന പക്ഷം എടുക്കാവുന്നതാണ്.

9. ട്രസ്റ്റി ബോർഡിന്റെ ഘടന :

ട്രസ്റ്റി ബോർഡിൽ ചുരുങ്ങിയത് 7 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കണം. കമ്മിറ്റിയെ ഫൗണ്ടർ ട്രസ്റ്റീസ് ആദ്യത്തെ തവണ നോമിനേറ്റ് ചെയ്യേണ്ടതാണ്. അവർ ട്രസ്റ്റി ബോർഡ് അംഗങ്ങളായിരിക്കണം.

1. രേഖ. പി. ബി

2. സുരേഷ്ബാബു ശങ്കരൻ നായർ

3.അലി അഹമ്മദ് അക്ബർ

4.രാമചന്ദ്രൻ. വി

കാലാകാലങ്ങളിൽ പിന്നീട് നിലവിലുള്ള ട്രസ്റ്റി ബോർഡ് യോഗം ചേർന്ന് ഇപ്രകാരം എക്സിക്യൂട്ടീവ് കമ്മിറ്റിയെ തിരഞ്ഞെടുക്കേണ്ടതാണ്. എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഒരു ചെയർമാനും ഒരു സെക്രട്ടറിയും ഒരു ട്രഷററും ഉണ്ടായിരിക്കേണ്ടതാണ് നിലവിലുള്ള ഫൗണ്ടർ ട്രസ്റ്റീസ് ആയതിന് തയ്യാറാവുന്ന പക്ഷം ഇപ്രകാരം ചെയർമാൻ, ട്രഷറർ, സെക്രട്ടറി എന്നീ സ്ഥാനത്തേക്ക് ഫൗണ്ടർ ട്രസ്റ്റിയിൽ നിന്ന് മാത്രം അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടതാണ്.

എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ കാലാവധി ഒരു വർഷമാണ്. ട്രസ്റ്റിന്റെ എല്ലാവിധ ദൈനംദിന പ്രവർത്തനങ്ങൾ നിയന്ത്രിക്കുകയും ആയത് സംബന്ധിച്ച തീരുമാനങ്ങളെടുക്കുകയും ട്രസ്റ്റിന്റെ പ്രവർത്തനം സുഗമമായി മുന്നോട്ട് കൊണ്ടുപോവുക എന്നതും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചുമതലയാണ്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ എല്ലാ തീരുമാനങ്ങളും ഭൂരിപക്ഷത്തിന് വിധേയമായിരിക്കും. ട്രസ്റ്റ് സംബന്ധിച്ച വസ്തുക്കളുടെ കൈമാറ്റം വസ്തുക്കൾ വാങ്ങൽ, വിൽക്കൽ, ട്രസ്റ്റിയിലേക്കുള്ള അംഗങ്ങളുടെ നിയമനം, ട്രസ്റ്റിലെ ജോലിക്കാരുടെ നിയമനം പിരിച്ചുവിടൽ ട്രസ്റ്റിനെ സംബന്ധിച്ച ബാങ്ക് അക്കൗണ്ടുകളുടെ ഓപ്പറേഷൻ എന്നിവ സംബന്ധിച്ച പ്രാഥമിക തീരുമാനമെടുക്കാനുള്ള ചുമതല എക്സിക്യൂട്ടീവ് കമ്മിറ്റിക്കായിരിക്കും. ഇപ്രകാരമുള്ള സംഗതികളെ ട്രസ്റ്റുമായി ബന്ധപ്പെട്ട ഭാരവാഹികൾക്ക് പ്രത്യേക ചുമതല ഈ ഡീഡിൽ പറഞ്ഞിട്ടുണ്ടെങ്കിൽ ആയത് അനുസരിച്ചായിരിക്കും പ്രവർത്തിക്കേണ്ടത്.

## 10. ചെയർപേഴ്സൺ

ഫൗണ്ടർ ട്രെസ്റ്റിൽ രണ്ടാം പേരു കാണിച്ച ശ്രീമതി. രേഖ പി.ബി. എന്നവരെ ഒരു വർഷത്തേക്ക് ട്രസ്റ്റിന്റെ ചെയർപേഴ്സണായി ഇതിനാൽ നിയമിച്ചിരിക്കുന്നു. തുടർന്ന് കാലാകാലങ്ങളിൽ ഫൗണ്ടർ ഓഫ് ട്രസ്റ്റിയിൽ നിന്നും ചെയർമാനെ തിരഞ്ഞെടുക്കേണ്ടതാണ്. ചെയർമാന്റെ കാലാവധി ഒരു വർഷമായിരിക്കും.

## ചെയർപേഴ്സന്റെ ചുമതലകൾ

1. ട്രസ്റ്റ് സംബന്ധമായ എല്ലാ യോഗങ്ങളും അദ്ധ്യക്ഷത വഹിക്കുകയും ട്രസ്റ്റിലേക്ക് വേണ്ട ഉപകമ്മിറ്റികളേയും ഉദ്യോഗസ്ഥരേയും നിയമിക്കുകയും ചെയ്യുക.

2. യോഗം സംബന്ധിച്ച അജണ്ട, തീയ്യതി, സ്ഥലം, മിനുറ്റ്സ് എന്നിവ തീരുമാനിക്കുകയും തയ്യാറാക്കുകയും ചെയ്യുക.

3. യോഗത്തിൽ അംഗങ്ങളുടെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുകയും ആയവ അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക.

1. രേഖ. പി. ബി

2. സുരേഷ്ബാബു ശങ്കരൻ നായർ

3.അലി അഹമ്മദ് അക്ബർ

4.രാമചന്ദ്രൻ. വി

4. എക്സിക്യൂട്ടീവ് കമ്മിറ്റിയുമായി ആലോചിച്ച് ട്രസ്റ്റിയിലേക്ക് വേണ്ട ഉദ്യോഗസ്ഥരെ നിയമിക്കുകയും ആവശ്യമെന്ന് കണ്ടാൽ പിരിച്ചുവിടുകയും അവരുടെ സേവന വേതന വ്യവസ്ഥകളും ജോലിസമയവും തീരുമാനിക്കുകയും ചെയ്യുക.

5. ട്രസ്റ്റിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നിയന്ത്രിക്കുകയും നിരീക്ഷിക്കുകയും ചെയ്യുക.

6. ട്രസ്റ്റ് സംബന്ധിച്ച എല്ലാ വ്യവഹാരങ്ങളിലും ട്രസ്റ്റിനെ പ്രതിനിധീകരിക്കുകയും ട്രസ്റ്റിന് വേണ്ടി ഒപ്പിടുകയും ചെയ്യുക.

7. ട്രസ്റ്റിനെ സംബന്ധിച്ച എല്ലാ ഭൂമി കൈമാറ്റവും കരസ്ഥപ്പെടുത്തലും ചെയർപേഴ്സന്റെ പേരിലായിരിക്കും.

11. വൈസ് ചെയർമാൻ:

ശ്രീ. രാധാകൃഷ്ണൻ യു.വി. അവർകളെ ഒരു വർഷത്തേക്ക് ട്രസ്റ്റിന്റെ വൈസ് ചെയർമാനായി ഇതിനാൽ നിയമിച്ചിരിക്കുന്നു. തുടർന്ന് കാലാകാലങ്ങളിൽ ട്രസ്റ്റീ ബോർഡിൽ നിന്നും വൈസ് ചെയർമാനെ തിരഞ്ഞെടുക്കേണ്ടതാണ്. വൈസ് ചെയർമാന്റെ കാലാവധി ഒരു വർഷമായിരിക്കും.

വൈസ് ചെയർമാന്റെ ചുമതല:

1. ചെയർപേഴ്സന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് സഹായിക്കുക.

2. ചെയർപേഴ്സന്റെ അഭാവത്തിൽ യോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കുക.

3. കാലാകാലങ്ങളിൽ ട്രസ്റ്റി ബോർഡ് ചുമതലപ്പെടുത്തുന്ന മറ്റു ചുമതലകൾ നിർവ്വഹിക്കുക.

12. സെക്രട്ടറി

സെക്രട്ടറിയെ ട്രസ്റ്റി ബോർഡിൽ നിന്നും ഒരു വർഷത്തെ കാലാവധിക്ക് ട്രസ്റ്റി ബോർഡിന്റെ ഭൂരിപക്ഷത്തിനനുസരിച്ച് നിയമിക്കേണ്ടതാണ്. ഫൗണ്ടർ ട്രസ്റ്റിമാരിൽ നാലാമത്തെ പേരിലുള്ള ശ്രീ. രാമചന്ദ്രൻ വി. അവർകളെ ഒരു വർഷത്തേക്ക് സെക്രട്ടറിയായി ഇതിനാൽ നിയമിച്ചിരിക്കുന്നു.

സെക്രട്ടറിയുടെ ചുമതലകൾ

1. ട്രസ്റ്റ് സംബന്ധമായ എല്ലാ സാമ്പത്തിക ചുമതലകളും മേൽനോട്ടം വഹിക്കുക.

2. ട്രസ്റ്റിനുവേണ്ട സാമ്പത്തിക ഉറവിടങ്ങൾ കണ്ടെത്തുകയും സംഘടിപ്പിക്കുകയും ചെയ്യുക.

1. രേഖ. പി. ബി

2. സുരേഷ്ബാബു ശങ്കരൻ നായർ

3.അലി അഹമ്മദ് അക്ബർ

4.രാമചന്ദ്രൻ. വി

3. സാമ്പത്തികാസൂത്രണവും സാമ്പത്തിക നിയന്ത്രണവും നടപ്പിലാക്കുക.

4. ബാങ്കിങ്ങും രേഖകളുടെ സൂക്ഷിപ്പും നടപ്പിലാക്കുക.

5. ട്രസ്റ്റിന്റെ വസ്തുവഹകൾ സൂക്ഷിക്കുക.

6. ട്രസ്റ്റിന്റെ ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കുക.

7. ട്രസ്റ്റുമായി ബന്ധപ്പെട്ട എല്ലാ കത്തിടപാടുകളും നടത്തുക.

8. ട്രസ്റ്റിലേക്കുള്ള എല്ലാ സംഭാവനകൾക്കും രശീതി നൽകുക.

9. ട്രസ്റ്റിന്റെ എല്ലാ അക്കൗണ്ടുകളും കൃത്യമായും സത്യസന്ധമായും സൂക്ഷിക്കുക.

10. കാലാകാലങ്ങളിൽ ട്രസ്റ്റി ബോർഡ് ചുമതലപ്പെടുത്തുന്ന മറ്റു ചുമതലകൾ നിർവ്വഹിക്കുക.

13. ജോയിന്റ് സെക്രട്ടറിമാർ

ജോയിന്റ് സെക്രട്ടറിമാരെ ട്രസ്റ്റി ബോർഡിൽ നിന്നും ഒരു വർഷത്തെ കാലാവധിക്ക് ട്രസ്റ്റി ബോർഡിന്റെ ഭൂരിപക്ഷത്തിനനുസരിച്ച് നിയമിക്കേണ്ടതാണ്. ട്രസ്റ്റി ബോർഡിൽ യഥാക്രമം മൂന്നും ഏഴും പേരുകളുള്ള ശ്രീ അലി മുഹമ്മദ് അക്ബർ, ശ്രീ. ശശിധരൻ കെ. എന്നിവരെ ഒരു വർഷത്തേക്ക് ജോയിന്റ് സെക്രട്ടറിമാരായി ഇതിനാൽ നിയമിച്ചിരിക്കുന്നു.

ജോയിന്റ് സെക്രട്ടറിമാരുടെ ചുമതലകൾ:

1. സെക്രട്ടറിയുടെ ചുമതലകളിൽ വേണ്ട സഹായങ്ങൾ ചെയ്ത് കൊടുക്കുക.

2. കാലാകാലങ്ങളിൽ ട്രസ്റ്റി ബോർഡ് ചുമതലപ്പെടുത്തുന്ന മറ്റു ചുമതലകൾ നിർവ്വഹിക്കുക.

14. ട്രഷറർ

ട്രഷററെ ഫൗണ്ടർ ട്രസ്റ്റിമാരിൽ നിന്നും ഒരു വർഷത്തെ കാലാവധിക്ക് ട്രസ്റ്റിന്റെ ഭൂരിപക്ഷമനുസരിച്ച് നിയമിക്കേണ്ടതാണ്. ട്രസ്റ്റി ബോർഡിൽ രണ്ടാമതായി പേരുള്ള ശ്രീ. സുരേഷ്ബാബു ശങ്കരൻ നായർ എന്നവരെ ഒരു വർഷത്തേക്ക് ട്രസ്റ്റിയായി ഇതിനാൽ നിയമിച്ചിരിക്കുന്നു.

1. രേഖ. പി. ബി

2. സുരേഷ്ബാബു ശങ്കരൻ നായർ

3.അലി അഹമ്മദ് അക്ബർ

4.രാമചന്ദ്രൻ. വി

ട്രഷററുടെ ചുമതലകൾ

1. ട്രസ്റ്റ് സംബന്ധമായ എല്ലാ സാമ്പത്തിക റിപ്പോർട്ടുകളും ഓഡിറ്റ് റിപ്പോർട്ടുകളും അക്കൗണ്ട് രേഖകളും വരവ് ചെലവ് കണക്കുകളും സൂക്ഷിക്കുകയും ട്രസ്റ്റിന്റെ കൈവശമുള്ള പണം സൂക്ഷിക്കുകയും ചെയ്യുക.
2. ഓഡിറ്റ് നടത്തുകയും ഓരോ വർഷാവർഷങ്ങളിലും അംഗീകൃത ഓഡിറ്ററിൽ നിന്നും റിപ്പോർട്ട് വാങ്ങി സൂക്ഷിക്കുകയും ചെയ്യുക.
3. കാലാകാലങ്ങളിൽ ട്രസ്റ്റി ബോർഡ് ചുമതലപ്പെടുത്തുന്ന മറ്റു ചുമതലകൾ നിർവ്വഹിക്കുക.

15. എക്സിക്യൂട്ടീവ് അംഗങ്ങൾ :

ട്രസ്റ്റി ബോർഡിലുള്ള ചെയർപേഴ്സൻ, വൈസ് ചെയർമാൻ, സെക്രട്ടറി, ജോയിന്റ് സെക്രട്ടറിമാർ, ട്രഷറർ എന്നിവരൊഴിച്ച് ഉള്ള അംഗങ്ങൾ ട്രസ്റ്റിന്റെ എക്സിക്യൂട്ടീവ് അംഗങ്ങളായി പ്രവർത്തിക്കും.

നിലവിലുള്ള എക്സിക്യൂട്ടീവ് അംഗങ്ങൾ :

1. ശിവാനന്ദകുമാർ എസ്.
2. പ്രദീപ്കുമാർ പി.
3. ഗംഗാദേവി
4. ശ്രീദേവി കെ.ടി.
5. ലതാകൃഷ്ണകുമാർ
6. ബാബു വി.കെ.

1. രേഖ. പി. ബി

2. സുരേഷ്ബാബു ശങ്കരൻ നായർ

3.അലി അഹമ്മദ് അക്ബർ

4.രാമചന്ദ്രൻ. വി

എക്സിക്യൂട്ടീവ് അംഗങ്ങളുടെ ചുമതലകൾ:

ട്രസ്റ്റി ബോർഡിന്റെ എല്ലാ യോഗങ്ങളിലും ചെയർപേഴസൻ അദ്ധ്യക്ഷത വഹിക്കേണ്ടതും അദ്ദേഹത്തിന്റെ അഭാവത്തിൽ വൈസ് ചെയർമാൻ അദ്ധ്യക്ഷത വഹിക്കേണ്ടതുമാണ്.

ബോർഡിന്റെ യോഗം എല്ലാ മൂന്നു മാസത്തിലൊരിക്കലെങ്കിലും വിളിച്ചു ചേർക്കേണ്ടതും മൊത്തം ട്രസ്റ്റി ബോർഡ് അംഗസംഖ്യയുടെ 25 ശതമാനത്തിൽ കുറയാത്ത അംഗസംഖ്യ ആയതിന്റെ ക്വാറമായി നിശ്ചയിച്ചിട്ടുള്ളതുമാണ്. ചെയർമാൻ യോഗം വിളിക്കാൻ പരാജയപ്പെടുന്നപക്ഷം 25 ശതമാനത്തിൽ കുറയാത്ത ട്രസ്റ്റി ബോർഡ് അംഗങ്ങൾക്ക് യോഗം വിളിക്കാൻ ട്രസ്റ്റി ബോർഡ് ചെയർമാന് നോട്ടീസ് നൽകാവുന്നതും അദ്ദേഹം യോഗം വിളിക്കേണ്ടതുമാണ്.

ട്രസ്റ്റിന്റെ പ്രവർത്തന മേഘലയിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് ഒരു ബോർഡ് യോഗം കഴിഞ്ഞ് മൂന്നുമാസം തികയുന്നതിന് മുമ്പ് ആവശ്യമായി വന്നാൽ മുകളിൽ സൂചിപ്പിച്ച നിബന്ധനകൾ അനുസരിച്ച് ബോർഡ് യോഗങ്ങൾ ചേരാവുന്നതാണ്.

യോഗങ്ങളിൽ ഉരുത്തിരിയുന്ന തീരുമാനങ്ങൾ ബോർഡിലെ എല്ലാ അംഗങ്ങളുടെ മുന്നിലും അവതരിപ്പിച്ച്, മൊത്തം ട്രസ്റ്റി ബോർഡിന്റെ ഭൂരിപക്ഷത്തിനനുസരിച്ചായിരിക്കും തീരുമാനങ്ങൾ നടപ്പിൽ വരുത്തേണ്ടത്. ഇത്തരത്തിലുള്ള വോട്ടിംഗ് സമയത്ത് തുല്യമായ വോട്ടിംഗ് നില വന്നാൽ ബോർഡ് ചെയർമാന് സ്വന്തം വോട്ടിന് പുറമെ ഒരു കാസ്റ്റിംഗ് വോട്ടിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

17. തീരുമാനങ്ങൾ

എല്ലാ തീരുമാനങ്ങളും മിനുട്സ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും ആയത് മറ്റുവിധത്തിൽ നിർദ്ദേശിക്കാത്ത പക്ഷം ഭൂരിപക്ഷത്തിനനുസരിച്ച് തീരുമാനിക്കേണ്ടതുമാണ്. ട്രസ്റ്റി ബോർഡിന്റെ തീരുമാനങ്ങൾ എല്ലാ അംഗങ്ങൾക്കും ബാധകമായിട്ടുള്ളതുമാണ്. ട്രസ്റ്റി ബോർഡിന്റെ തീരുമാനങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പരാതി ഏതെങ്കിലും അംഗത്തിനുണ്ടെങ്കിൽ ആയത് രേഖാമൂലം ചെയർമാനെ അറിയിക്കേണ്ടതും അദ്ദേഹം ആയത് സംബന്ധിച്ച് യുക്തമായ തീരുമാനം എടുക്കേണ്ടതുമാണ്.

18. രേഖകൾ

ട്രസ്റ്റ് സംബന്ധിച്ചുള്ള എല്ലാ വ്യവഹാരങ്ങളിലും ആധാരങ്ങളിലും രേഖകളിലും ചെയർമാൻ ട്രസ്റ്റിനെ പ്രതിനിധീകരിച്ച് ഒപ്പുവെക്കേണ്ടതാണ്.

1. രേഖ. പി. ബി
2. സുരേഷ്ബാബു ശങ്കരൻ നായർ
3. അലി അഹമ്മദ് അക്ബർ
4. രാമചന്ദ്രൻ. വി

19. <u>അക്കൗണ്ട്</u>

ട്രസ്റ്റിന്റെ സാമ്പത്തിക വർഷം എല്ലാ വർഷവും ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയായിരിക്കും.

ട്രസ്റ്റിന്റെ എല്ലാ അക്കൗണ്ടുകളും എല്ലാ വർഷവും ഒരു ചാർട്ടേർഡ് അക്കൗണ്ടന്റ് മുഖാന്തിരം ഓഡിറ്റ് ചെയ്യിച്ച് ആയത് ട്രസ്റ്റി ബോർഡിന്റെ മുമ്പാകെ വെക്കേണ്ടതും ആണ്. ഓഡിറ്റ് ചെയ്യിക്കേണ്ട ചുമതല ട്രഷററിൽ നിജപ്പെടുത്തിയിട്ടുള്ളതാണ്.

20. <u>ട്രസ്റ്റിന്റെ ഫണ്ടുകൾ</u> :

ട്രസ്റ്റിന് ദാനമായും ഗ്രാന്റായും മരണപത്രം വഴിയും മറ്റു തരത്തിലുള്ള സംഭാവന വഴിയും പണം സ്വീകരിക്കാവുന്നതാണ്. ഓരോ വർഷവും സ്വീകരിക്കുന്ന പണം അതാതു വർഷം തന്നെ ചിലവഴിക്കേണ്ടതും അല്ലാത്ത പക്ഷം ട്രസ്റ്റിന്റെ പേരിലുള്ള അക്കൗണ്ടിൽ ഇന്ത്യൻ ഇംകംടാക്സ് ആക്ട് 11(5) 13(1), (ഡി) വകുപ്പുകൾ, മറ്റു വകുപ്പുകൾ പ്രകാരം നിക്ഷേപി ക്കേണ്ടതാണ്. എല്ലാ ഫണ്ടുകളും ട്രസ്റ്റിന്റെ ലക്ഷ്യങ്ങൾക്കുവേണ്ടി മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. ട്രസ്റ്റി ബോർഡ് അംഗങ്ങൾക്ക് യാതൊരുവിധ പ്രതിഫലവും ലഭിക്കുന്നതിന് അർഹതയില്ല. ട്രസ്റ്റിന്റെ ഫണ്ട് മറ്റൊരു ആവ ശ്യത്തിനും ഉപയോഗിക്കാൻ പാടുള്ളതല്ല. ട്രസ്റ്റ് സ്വന്തം നിലക്ക് വല്ല ബിസി നസ് സംരംഭവും നടത്തുന്ന പക്ഷം ആയത് ഇന്ത്യൻ ഇൻകം ടാക്സ് ആക്ട് 11(4) 80 ജി (5) (1) വകുപ്പുകൾ വിധേയമായിരിക്കും.

ട്രസ്റ്റി ബോർഡിന് ആയതിന്റെ ഫണ്ട് ഇളകുന്നതും ഇളകാത്തതുമായ വസ്തുക്കളിൽ നിക്ഷേപിക്കുന്നതിനും ആയതിൽ നിന്നുള്ള വരുമാനം ട്രസ്റ്റിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉപയോഗിക്കാവുന്നതുമാണ്. അപ്രകാരമുള്ള നിക്ഷേപങ്ങൾ ഇന്ത്യൻ ഇൻകം ടാക്സ് ആക്ട് 13(1), 11(5) വകുപ്പുകൾക്ക് വിധേയമായിരിക്കും.

21. <u>ബാങ്ക് അക്കൗണ്ട്</u> :

ട്രസ്റ്റിന്റെ പേരിൽ ബാങ്കുകളിൽ ഒന്നിലധികം അക്കൗണ്ടുകൾ തുടങ്ങാവു ന്നതാണ്. ആയത് ചെയർമാൻ, സെക്രട്ടറി, ട്രഷറർ എന്നിവരിൽ ഏതെ ങ്കിലും രണ്ടാൾ കൂട്ടായി ഓപ്പറേറ്റ് ചെയ്യേണ്ടതാണ്.

22. <u>നിയമോപദേഷ്ടാവ്</u>

ട്രസ്റ്റിന് സ്വന്തം നിലക്ക് നിയമോപദേഷ്ടാവിനെയും വക്കീലിനെയും നിയ മിക്കാവുന്നതും അവർക്കുള്ള പ്രതിഫലം കാലാകാലങ്ങളിൽ ബോർഡിന്റെ തീരുമാനങ്ങൾക്കനുസരിച്ച് നൽകാവുന്നതുമാണ്.

1. രേഖ. പി. ബി | 3.അലി അഹമ്മദ് അക്ബർ

2. സുരേഷ്ബാബു ശങ്കരൻ നായർ | 4.രാമചന്ദ്രൻ. വി

23. <u>നിയമ ഭേദഗതി</u> :

ട്രസ്റ്റിനെ സംബന്ധിച്ചുള്ള നിയമങ്ങളിലും ഈ ട്രസ്റ്റ് ഡീഡിൽ പറയുന്ന മറ്റ് നിർദ്ദേശങ്ങളിലും മാറ്റങ്ങൾ വരുത്തുന്നതിന് ആയതിന്റെ അടിസ്ഥാന ഉദ്ദേശ ലക്ഷ്യങ്ങൾക്കനുസരിച്ച് മാത്രമേ സാധ്യമാവുകയുള്ളൂ. ഇപ്രകാരമുള്ള എല്ലാ തീരുമാനങ്ങളും പങ്കെടുത്ത അംഗങ്ങളുടെ 2/3 ഭൂരിപക്ഷമനുസരിച്ചും ഇന്ത്യൻ ട്രസ്റ്റ് ആക്ടിനും നിയമത്തിനും വിധേയമായിരിക്കും. ഭേദഗതികൾ ഇന്ത്യൻ ഇൻകംടാക്സ് ആക്ട് 2 (15), 11, 12, 13, 80 ജി വകുപ്പുകൾക്കും വിധേയമായിരിക്കും.

24. <u>ട്രസ്റ്റ് അംഗങ്ങൾക്കുള്ള പ്രതിഫലം</u>

ട്രസ്റ്റ് അംഗങ്ങൾക്ക് യാതൊരുവിധ പ്രതിഫലവും ലഭിക്കാൻ അർഹതയുള്ളതല്ല. ട്രസ്റ്റിന്റെ വരുമാനങ്ങളും സംഭാവനകളും യാതൊരുവിധ വ്യക്തിപരമായ ആവശ്യങ്ങൾക്കും ഉപയോഗിക്കാൻ പാടുള്ളതല്ല. എങ്കിലും യാത്രാപടിയിനത്തിൽ രേഖാമൂലം അംഗങ്ങൾക്ക് ചെയർപേഴ്സന്റെ തീരുമാനത്തിന് വിധേയമായി യാത്രാബത്ത കൈപ്പറ്റാവുന്നതാണ്.

25. <u>ഇൻഡംമ്നിറ്റി</u>

എല്ലാ ട്രസ്റ്റി ബോർഡ് അംഗങ്ങളുടേയും ട്രസ്റ്റുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും ട്രസ്റ്റ് മാത്രം ഉത്തരവാദിയായിരിക്കും. ഇപ്രകാരം യാതൊരുവിധ വ്യവഹാരത്തിനും നഷ്ടങ്ങൾക്കും ട്രസ്റ്റി ബോർഡ് അംഗം സ്വന്തം നിലക്ക് ഉത്തരവാദി ആയിരിക്കുന്നതല്ല. എങ്കിലും ട്രസ്റ്റി ബോർഡ് അംഗത്തിന്റെ ഗുരുതരമായ കൃത്യവിലോപത്തിനും സാമ്പത്തിക തിരിമറികൾക്കും ട്രസ്റ്റി ബോർഡ് അംഗം ഉത്തരവാദിയായിരിക്കുന്നതും ആയതിന്റെ പേരിൽ ട്രസ്റ്റിന് ട്രസ്റ്റി ബോർഡ് അംഗത്തിന്റെ പേരിൽ നടപടി എടുക്കാവുന്നതുമാണ്. ആയതിന് അദ്ദേഹം വ്യക്തിപരമായി ഉത്തരവാദിയായിരിക്കും.

26. <u>കാലാവധി</u>

ട്രസ്റ്റിന് കാലാവധി തീരുമാനിച്ചിട്ടില്ല. ആയത് പിരിച്ചുവിടാവുന്നതല്ല.

27. <u>ട്രസ്റ്റിന്റെ പ്രവർത്തന പരിധി</u>

ട്രസ്റ്റിന്റെ പ്രവർത്തന പരിധി ഇന്ത്യയിൽ മുഴുവനായും ഇന്ത്യയിൽ മാത്രമായും ഒതുക്കേണ്ടതാണ്.

1. രേഖ. പി. ബി

2. സുരേഷ്ബാബു ശങ്കരൻ നായർ

3.അലി അഹമ്മദ് അക്ബർ

4.രാമചന്ദ്രൻ. വി

28. <u>പിരിച്ചുവിടൽ</u>

ട്രസ്റ്റിനെ പിരിച്ച് വിടാൻ കഴിയുന്നതല്ല. ഇപ്രകാരം എന്തെങ്കിലും കാരണത്താൽ പിരിച്ചുവിടൽ അനിവാര്യമാകുന്ന പക്ഷം ആയത് ഇന്ത്യൻ ട്രസ്റ്റ് ആക്ടിനും ഇന്ത്യയിൽ നിലവിലുള്ള മറ്റ് നിയമങ്ങൾക്കും ബാധകമായിരിക്കും. ട്രസ്റ്റിന്റെ പിരിച്ചുവിടുന്ന സമയത്തുള്ള ആസ്തിയും മൂലധനവും ഇതേ രംഗത്ത് പ്രവർത്തിക്കുന്ന മറ്റു സംഘടനകൾക്ക് നൽകേണ്ടതും അല്ലാത്ത പക്ഷം ഗവൺമെന്റിൽ ലയിപ്പിക്കേണ്ടതുമാണ്. ട്രസ്റ്റ് ബോർഡ് അംഗങ്ങളുടെ വ്യക്തിപരമായ ആവശ്യങ്ങൾക്ക് ആയത് എടുക്കുവാൻ പാടില്ല. ഈ വ്യവസ്ഥകൾ ഇന്ത്യൻ ഇൻകം ടാക്സ് ആക്ട് 12AA വകുപ്പുകൾക്ക് വിധേയമായിരിക്കും.

29. <u>ന്യൂനത</u>

ഈ ട്രസ്റ്റ് ഡീഡിന് എന്തെങ്കിലും ന്യൂനത ഉണ്ടെന്ന് കാണുന്ന പക്ഷം ആയത് ട്രസ്റ്റിന്റെ പ്രവർത്തനങ്ങളെ അസാധുവാക്കുന്നതല്ല. ആയതിലെ ന്യൂനതകൾ ഇന്ത്യൻ ഇൻകം ടാക്സ് ആക്ട്, ഇന്ത്യൻ ആക്ട് മറ്റു നിയമങ്ങൾ എന്നിവക്ക് വിധേയമായി പരിഹരിക്കുന്നതായിരിക്കും.

30. <u>മറ്റു വ്യവസ്ഥകൾ:</u>

ഈ ട്രസ്റ്റ് ഡീഡിൽ പ്രത്യേകമായി പറയാത്ത കാര്യങ്ങളെ സംബന്ധിച്ച്, ജനാധിപത്യപരമായും സാമൂഹ്യ പ്രതിബദ്ധതയുള്ളതുമായ നിയമങ്ങൾക്കും വിധേയവും ഇന്ത്യൻ ട്രസ്റ്റ് ആക്ടിന്റെ വ്യവസ്ഥകൾക്ക് വിധേയവുമായിരിക്കും.

1. രേഖ. പി. ബി

2. സുരേഷ്ബാബു ശങ്കരൻ നായർ

3.അലി അഹമ്മദ് അക്ബർ

4.രാമചന്ദ്രൻ. വി

മേൽപ്രകാരം ഉള്ള കാര്യങ്ങൾ മനസ്സിലാക്കിയും സമ്മതിച്ചും താഴെ പേരെഴുതി ഒപ്പിട്ട ഞങ്ങൾ (ഓതേഴ്സ് ഓഫ് ട്രസ്റ്റ്) മേൽ എഴുതിയ തീയ്യതിക്ക് താഴെ പേർ പറയുന്ന സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ എല്ലാ വ്യവസ്ഥകളും സമ്മതിച്ചും ഞങ്ങൾ ഒറ്റപ്പാലം അംശം ദേശത്ത് വെച്ച് ഇതിൽ ഒപ്പിടുകയും ഒറ്റപ്പാലം സബ്ബ് രജിസ്റ്റർ ഓഫീസിൽ വെച്ച് രജിസ്റ്ററാക്കുവാനും തീരുമാനിച്ചിരിക്കുന്നു.

1. രേഖ. പി. ബി

2. സുരേഷ്ബാബു ശങ്കരൻ നായർ

3.അലി അഹമ്മദ് അക്ബർ

4.രാമചന്ദ്രൻ. വി

സാക്ഷികൾ:

1. പാലക്കാട് ജില്ല ഒറ്റപ്പാലം താലൂക്ക് ചളവറ വില്ലേജിൽ ചളവറ പോസ്റ്റ് കളത്തും പടിക്കൽ കുഞ്ഞിമൊയ്തീൻ മകൻ അഡ്വക്കേറ്റ് അബ്ദുൾ ഹക്കീം. കെ. പി.

2. തൃശ്ശൂർ ജില്ല തൃശ്ശൂർ താലൂക്ക് തങ്ങാലൂർ വില്ലേജിൽ തങ്ങാലൂർ പോസ്റ്റ് തെർമാടം വീട്ടിൽ ജാക്കോബ്. ടി. പി മകൻ അഡ്വക്കേറ്റ് ക്ലർക്ക് നോബി ജാക്കോബ്. ടി. ജെ.

തയ്യാറാക്കിയതും കമ്പ്യൂട്ടർ പ്രിന്റും: ഷാഹുൽ ഹമീദ്. പി. ടി, K/41/1999, അഡ്വക്കേറ്റ്, ലീഗൽസൊല്യൂഷൻസ് & ഡോക്യുമെന്റേഷൻ, ഒറ്റപ്പാലം.
യാദാസ്ത്: വെട്ട്തിരുത്ത് ഇല്ല.

1. രേഖ. പി. ബി

2. സുരേഷ്ബാബു ശങ്കരൻ നായർ

3.അലി അഹമ്മദ് അക്ബർ

4.രാമചന്ദ്രൻ. വി